**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 528** **20-03-2023 - ൽ മറുപടിയ്ക്ക്**

**പിന്നാക്ക വിഭാഗങ്ങൾക്കുള്ള ക്ഷേമ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ഡോ. എം. കെ. മുനീർ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പിന്നാക്ക വിഭാഗങ്ങളുടെ ക്ഷേമത്തിനായി നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ 65 ശതമാനത്തിലധികം വരുന്ന മറ്റു പിന്നാക്ക വിഭാഗങ്ങളുടെ സമഗ്ര ഉന്നമനം ലക്ഷ്യം വെച്ച് 2011 ൽ രൂപീകൃതമായ പിന്നാക്ക വിഭാഗ വികസന വകുപ്പ് ലക്ഷ്യ ജന വിഭാഗങ്ങളുടെ ജീവിത നിലവാരം ഉയർത്തുകയെന്ന ലക്ഷ്യത്തോടെ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശം അനുബന്ധം 1 -ആയി ചേർത്തിരിക്കുന്നു.<br><br>പിന്നാക്ക സമുദായങ്ങളിൽപ്പെട്ടവരുടെ സാമ്പത്തിക, വിദ്യാഭ്യാസ, സാമൂഹിക ഉന്നമനത്തിനായി ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെ (NBCFDC) ഫണ്ടും കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ തനത് ഫണ്ടും ഉപയോഗിച്ച് വിവിധ വായ്പാ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതിനുപുറമേ ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ (NMDFC) ഫണ്ടും വിനിയോഗിച്ച് മതന്യൂനപക്ഷത്തിൽ ഉൾപ്പെട്ട ഒ.ബി.സി. വിഭാഗങ്ങൾക്കും വായ്പ അനുവദിച്ചുവരുന്നു. ഇത് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 2 - ആയി ചേർത്തിരിക്കുന്നു.<br><br>കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷന്റെ ലക്ഷ്യ വിഭാഗത്തിൽപ്പെട്ട പട്ടികജാതിയിൽ നിന്നും ക്രിസ്തുമതത്തിലേയ്ക്ക് പരിവർത്തനം ചെയ്യപ്പെട്ടവർ, പട്ടികജാതിയിലേയ്ക്ക് ശുപാർശ ചെയ്യപ്പെട്ടവർ എന്നീ വിഭാഗങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി വളരെ തുച്ഛമായ പലിശ നിരക്കിൽ വിവിധ വായ്പാ പദ്ധതികളും, വിദ്യാർത്ഥികൾക്കായി വിദ്യാഭ്യാസ പ്രോത്സാഹന/ |

| | | | |
|---|---|---|---|
| | | | ധനസഹായ/പരിശീലന പദ്ധതികളും കോർപ്പറേഷനിൽ നിന്നും നൽകിവരുന്നുണ്ട്.<br><br>കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ കളിമൺപാത്ര നിർമ്മാണ മേഖലയിലെ തൊഴിലാളികൾക്കായി രണ്ട് ലക്ഷം രൂപയുടെ വ്യക്തിഗത വായ്പ നൽകി വരുന്നു. |
| (ബി) | പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ റീജിയണൽ ഓഫീസുകൾ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | (ബി) | പിന്നാക്ക വിഭാഗ വികസന വകുപ്പിന് കൊല്ലം, എറണാകുളം, പാലക്കാട്, കോഴിക്കോട് ജില്ലകളിലായി നാല് മേഖലാ കാര്യാലയങ്ങൾ നിലവിലുണ്ട്. |
| (സി) | ഇവർക്കായി കൂടുതൽ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും എല്ലാ ജില്ലകളിലും ഓഫീസ് ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ ഓഫീസുകൾ എല്ലാ ജില്ലകളിലും ആരംഭിക്കുന്ന വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്. കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ സേവനങ്ങൾ സംസ്ഥാനത്തെ കൂടുതൽ പിന്നാക്ക/ മതന്യൂനപക്ഷ വിഭാഗങ്ങൾക്ക് പരമാവധി ലഭ്യമാക്കുന്നതിന് കോർപ്പറേഷന് 14 ജില്ലകളിലും ജില്ലാ ഓഫീസുകളും, 20 ഉപജില്ലാ ഓഫീസുകളും ഒരു മുഖ്യ കാര്യാലയവും കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷന് കണ്ണൂർ, പാലക്കാട്, പത്തനംതിട്ട ജില്ലയിലെ റാന്നി എന്നിവിടങ്ങളിൽ സാറ്റലൈറ്റ് ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - 1

## പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന വിവിധ പദ്ധതികൾ

### 1. മറ്റ് അർഹരായ സമുദായക്കാർക്ക് വിദ്യാഭ്യാസത്തിനുള്ള പദ്ധതികൾ

**ഈ പദ്ധതിയുടെ രണ്ട് ഉപപദ്ധതികൾ ചുവടെ കൊടുക്കുന്നു.**

#### a) ഒ.ഇ.സി. പ്രീമെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ

സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ്/അൺ-എയ്ഡഡ്/അഫിലിയേറ്റഡ് സ്കൂളുകളിൽ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന മറ്റർഹ സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് പട്ടികജാതി വിദ്യാർത്ഥികൾക്ക് സമാനമായ വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നു. ഒ.ഇ.സി സമുദായങ്ങൾക്ക് വരുമാന പരിധി ഇല്ല. ഒ.ഇ.സി ക്ക് തത്തുല്യവിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്നതിന് തെരഞ്ഞെടുത്ത 30 ഒ.ബി.സി സമുദായങ്ങൾക്ക് 6 ലക്ഷം രൂപയാണ് വരുമാന പരിധി. എൽ.പി, യു.പി, ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് യഥാക്രമം 750, 900, 1000 എന്ന ക്രമത്തിലാണ് വർഷം തോറും ആനുകൂല്യമനുവദിക്കുന്നത്. ശരാശരി 2,10,000 വിദ്യാർത്ഥികൾക്ക് പ്രതിവർഷം ആനുകൂല്യമനുവദിച്ചു വരുന്നു.

#### b) ഒ.ഇ.സി പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ

+2 മുതൽ Ph.D വരെയുള്ള കോഴ്സുകളിൽ പ്രവേശനം നേടുന്ന ഒ.ഇ.സി, ഒ.ബി.സി(എച്ച്) വിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുന്ന പദ്ധതിയാണ്. സംസ്ഥാനത്ത് പോസ്റ്റ് മെട്രിക് തലത്തിൽ പഠിക്കുന്നവർക്കും സംസ്ഥാനത്തിനു പുറത്ത് അംഗീകൃത സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്കും കേന്ദ്ര ഏജൻസിയുടെ അലോട്ട് മെന്റ് പ്രകാരം പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്കും സ് കോളർഷിപ്പ് അനുവദിക്കുന്നു. ഒ.ഇ.സി സമുദായങ്ങൾക്ക് വരുമാന പരിധി ഇല്ല. ഒ.ഇ.സി ക്ക് തത്തുല്യ വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്നതിന് തെരഞ്ഞെടുത്ത 30 ഒ.ബി.സി സമുദായങ്ങൾക്ക് 6 ലക്ഷം രൂപയാണ് വരുമാന പരിധി. ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേനയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. തുക നേരിട്ട് വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടുകളിലേക്കു നൽകുന്നു.

കുമാരപിള്ള കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ SEBC വിഭാഗത്തിൽപ്പെട്ട സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്കും, സ്വാശ്രയ എഞ്ചിനീയറിംഗ് കോഴ്സുകളിലെ വിദ്യാർത്ഥികൾക്കും സർക്കാർ നിരക്കിലുള്ള ഫീസ് അനുവദിക്കുന്നു. 1 ലക്ഷം രൂപയാണ് കുടുംബ വാർഷിക വരുമാന പരിധി. ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേനയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. തുക നേരിട്ട് വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടുകളിലേക്കു നൽകുന്നു. ശരാശരി 1,70,000/- വിദ്യാർത്ഥികൾക്ക് പ്രതിവർഷം ആനുകൂല്യമനുവദിച്ചു വരുന്നു

### 2. ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പ്

പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന 50% കേന്ദ്ര സഹായത്തോടെ നടപ്പിലാക്കിയിരുന്ന പദ്ധതിയാണിത്. സംസ്ഥാനത്തെ സർക്കാർ/സർക്കാർ എയ്ഡഡ് സ്കൂളുകളിൽ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന, കുടുംബ വാർഷിക വരുമാനം 2.5 ലക്ഷം രൂപയിൽ അധികരിക്കാത്ത ഒ.ബി.സി സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രതിവർഷം 1500/-രൂപ സ്കോളർഷിപ്പ് അനുവദിക്കുന്നതായിരുന്നു പദ്ധതി. എന്നാൽ 2022-23 മുതൽ കേന്ദ്ര സർക്കാരിന്റെ പരിഷ്കരിച്ച മാനദണ്ഡ പ്രകാരം 9, 10 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് മാത്രമായി പ്രസ്തുത സ്കോളർഷിപ്പ് പരിമിതപ്പെടുത്തുകയും ആനുകൂല്യ തുക 4000/- രൂപയായി ഉയർത്തുകയും ചെയ്തിട്ടുണ്ട്. വരുമാന പരിധിയിൽ മാറ്റമില്ല.

ഒന്നു മുതൽ എട്ടുവരെയുള്ള ക്ലാസ്സുകളിലെ ഒ.ബി.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിൽ കേന്ദ്ര സർക്കാർ പിൻമാറിയ സാഹചര്യത്തിൽ വാർഷിക വരുമാനം 2.50 ലക്ഷം രൂപയിൽ കവിയാത്ത ഒന്നാം തരം മുതൽ എട്ടാം തരം വരെയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചു നല്കുന്ന പുതിയ പദ്ധതി വകുപ്പ് ആരംഭിച്ചിട്ടുണ്ട്.

### 3. ഒ.ബി.സി പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് (100% CSS)

പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന 100% കേന്ദ്ര സഹായത്തോടെ നടപ്പാക്കിയിരുന്ന പദ്ധതിയാണ് ഒ.ബി.സി പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്. എന്നാൽ 2022-23 മുതൽ കേന്ദ്ര സർക്കാരിന്റെ പരിഷ്കരിച്ച മാനദണ്ഡ പ്രകാരം ടി പദ്ധതി പ്രകാരമുള്ള കേന്ദ്ര-സംസ്ഥാന വിഹിതം 60:40 ആക്കിയിട്ടുണ്ട്. സംസ്ഥാനത്തെ ഒ.ബി.സി വിഭാഗത്തിൽപ്പെട്ട ഹയർ സെക്കന്ററി വിദ്യാർത്ഥികൾ, സംസ്ഥാനത്തിനകത്ത് CA/CMA/ICWA/CS കോഴ്സുകളിൽ പഠിക്കുന്നവർ, സംസ്ഥാനത്തിനു പുറത്ത് ദേശീയ പ്രാധാന്യമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അഖിലേന്ത്യാടിസ്ഥാനത്തിൽ നടത്തുന്ന തെരഞ്ഞെടുപ്പ് രീതി പ്രകാരം പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾ എന്നിവർക്കാണ് സ്കോളർഷിപ്പ് ലഭിക്കുന്നതിന് അർഹതയുള്ളത്. കുടുംബ വാർഷിക വരുമാന പരിധി 2.5 ലക്ഷം രൂപ. ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേന ഓൺലൈനായാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

### 4. ഓവർസീസ് സ്കോളർഷിപ്പ്

ഒ.ബി.സി വിഭാഗങ്ങളിൽപ്പെട്ട ഉന്നത പഠന നിലവാരം പുലർത്തി വരുന്ന വിദ്യാർത്ഥികൾക്ക് വിദേശസർവ്വകലാശാലകളിൽ മെഡിക്കൽ / എഞ്ചിനീയറിങ് / പ്യൂവർ സയൻസ് / അഗ്രികൾച്ചർ / മാനേജ്മെന്റ് കോഴ്സുകളിൽ ഉപരിപഠനം നടത്തുന്നതിനുള്ള അവസരം ഒരുക്കി നടപ്പാക്കുന്ന പദ്ധതിയാണിത്. പരമാവധി 10 ലക്ഷം രൂപയാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്. 6 ലക്ഷം രൂപയാണ് കുടുംബ വാർഷിക വരുമാന പരിധി. വർഷം തോറും ശരാശരി 20 പേരെയാണ് ഈ പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്നത്.

### 5. തൊഴിൽദായക പരിപാടികൾ

#### എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം

പിന്നാക്ക വിഭാഗങ്ങളുടെ തൊഴിൽ ക്ഷമത വർദ്ധിപ്പിക്കുന്നതിനായി വിദ്യാർത്ഥികൾക്ക് മത്സര പരീക്ഷ, തൊഴിൽ പരിശീലനം എന്നിവയ്ക്ക് ധനസഹായം നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതിയിൽ താഴെ സൂചിപ്പിച്ചിരിക്കുന്ന ഉപഘടകങ്ങൾ ഉൾക്കൊണ്ടിരിക്കുന്നു.

**a) മെഡിക്കൽ/എഞ്ചിനീയറിംഗ്, ബാങ്കിംഗ്, സിവിൽ സർവ്വീസ്, UGC/JRF, GATE/MAT പരീക്ഷാ പരിശീലന ധനസഹായം, നേഴ്സിംഗ് വിദ്യാർത്ഥികൾക്ക് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് പരിശീലനത്തിന് ധനസഹായം.**

വിദ്യാസമ്പന്നരായ പിന്നാക്ക വിഭാഗക്കാരായ ഉദ്യോഗാർത്ഥികൾക്ക് പ്രചോദനം നൽകുകയും അവരുടെ യോഗ്യതയ്ക്കനുസരിച്ചുള്ള ജോലി ലഭിക്കുന്നതിനായി അവർക്ക് പ്രോത്സാഹനം നൽകുകയും ചെയ്താൽ അവരുടെ കഴിവുകൾ മികച്ച രീതിയിൽ പ്രയോജനപ്പെടുത്താൻ കഴിയും. മികച്ച ഉദ്യോഗം കരസ്ഥമാക്കുന്നതിനായി മെഡിക്കൽ/ എഞ്ചിനിയറിങ് എൻട്രൻസ്, ബാങ്കിങ് സർവ്വീസ്, സിവിൽ സർവ്വീസ് തുടങ്ങിയ വിവിധ മത്സര പരീക്ഷാ പരിശീലനങ്ങൾക്ക് ധനസഹായം അനുവദിക്കുന്ന പദ്ധതിയാണിത്. 2017-18 മുതൽ UGC/NET/JRF, GATE/MAT, എന്നിവയ്ക്കുള്ള പരീക്ഷാ പരിശീലന ധനസഹായവും നല്കി തുടങ്ങി.

| കുടുംബ വാർഷിക വരുമാനം | പരിശീലന ഇനം | പരമാവധി ട്യൂഷൻ ഫീസ് | മെയിന്റനൻസ് അലവൻസ് | ആകെ അനുവദിക്കുന്ന പരമാവധി തുക |
|---|---|---|---|---|
| 2 ലക്ഷം | മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് | 20000/- | 10000/- | 30000/- |
| 2 ലക്ഷം | ബാങ്കിംഗ് | 10000/- | 10000/- | 20000/- |
| 4.5 ലക്ഷം | സിവിൽ സർവ്വീസ് | 15000/- | 10000/- | 25000/- |
| 2.5 ലക്ഷം | UGC/JRF, GATE/MAT | 15000/- | 10000/- | 25000/- |

IELTS, TOEFL, OET, NCLEX തുടങ്ങിയ പരീക്ഷകൾക്കായി പിന്നാക്ക വിഭാഗങ്ങളിലെ അവസാന വർഷ നേഴ്സിംഗ് വിദ്യാർത്ഥികൾക്ക് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് പരിശീലനത്തിന് സഹായം നല്കാനും ഈ ഘടകം ഉദ്ദേശിക്കുന്നു.

**b) ഒ.ബി.സി പ്രൊഫഷണൽസിനുള്ള സ്വയം തൊഴിൽ വായ്പ**

പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ സഹകരണത്തോടെ നടപ്പിലാക്കുന്നതിനായി 2017-18 ൽ തുടക്കമിട്ട ഈ പദ്ധതി പ്രകാരം, ഒ.ബി.സി വിഭാഗത്തിൽപ്പെട്ട പ്രൊഫഷണലുകൾക്ക് സ്റ്റാർട്ട് അപ് സംരംഭങ്ങൾ ആരംഭിക്കുന്നതിനായി പരമാവധി 10 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നു. വായ്പാ തുകയുടെ 20% (പരമാവധി 2 ലക്ഷം രൂപ) പിന്നാക്ക വിഭാഗ വികസന വകുപ്പ് സബ്സിഡി ആയി നൽകുന്നു.

**c) ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്കുള്ള സ്വയം തൊഴിൽ വായ്പ**

പിന്നാക്ക വിഭാഗ വികസന വകുപ്പും, കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷനും സംയുക്തമായി നടപ്പിലാക്കുന്ന ഈ പദ്ധതി പ്രകാരം ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മറ്റ് പിന്നാക്ക വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് പരമാവധി 1 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നു. 2020-21 മുതൽ എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാമിന്റെ പുതിയ ഘടകമായി ഉൾപ്പെടുത്തി പ്രാവർത്തികമാക്കി വരുന്നു. സമയബന്ധിതമായി തവണ തുക തിരിച്ചടയ്ക്കുന്നവർക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പ് വായ്പാ തുകയുടെ 50%(പരമാവധി 25,000/-രൂപ) സബ്സിഡി ആയി നൽകുന്നു.

**d).ആട്ടോമൊബൈൽ മേഖലയിൽ തൊഴിൽ പരിശീലനം**

ഓട്ടോമൊബൈൽ, ട്രാവൽ ടൂറിസം, ലോജിസ്റ്റിക്സ്, ഹോട്ടൽ മാനേജ്മെന്റ്, ടോട്ടൽ സ്റ്റേഷൻ സർവ്വേ, പോളിമർ ടെക്നോളജി തുടങ്ങിയ സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിനാണ് ഈ പദ്ധതി ലക്ഷമിടുന്നത്. സർക്കാർ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ പരിശീലന ചെലവുകളും പ്രതിമാസ സ്റ്റൈപെന്റും തൊഴിലന്വേഷകർക്ക് നല്കുന്നു. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് അനുയോജ്യമായ തൊഴിലുകൾ ഏജൻസി നല്കുന്നുവെന്ന് ഉറപ്പാക്കണം. പരിശീലന ചെലവിനായി ഒരാൾക്ക് പ്രതിമാസം പരമാവധി 8,000/- രൂപ വീതം 10 മാസത്തേക്ക് നൽകുവാൻ ഉദ്ദേശിക്കുന്നു. കെ-ഡിസ്ക് വഴി നടപ്പിലാക്കുന്ന കേരള നോളജ് ഇക്കോണമി മിഷനുമായി ഈ പദ്ധതിയെ സംയോജിപ്പിക്കും.

**6. പരമ്പരാഗത തൊഴിലുകൾക്കുള്ള സഹായം**

**ഈ പദ്ധതിയിൽ താഴെ പറയുന്ന മൂന്ന് ഉപപദ്ധതികൾ ഉൾപ്പെടുത്തിയിരിക്കുന്നു.**

**a) പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കുള്ള ധനസഹായം**

പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന ഈ പദ്ധതി പ്രകാരം പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് തൊഴിൽ നവീകരിക്കുന്നതിനും യന്ത്രസാമഗ്രികൾ വാങ്ങുന്നതിനും വേണ്ടി 50,000/- രൂപ വീതം ധനസഹായം നൽകുന്നു. 60 വയസ്സുവരെയുള്ളവരാണ് ആനുകൂല്യത്തിന് അർഹരായിട്ടുള്ളത്. കുടുംബ വാർഷിക വരുമാന പരിധി 1 ലക്ഷം രൂപ. ശരാശരി 110 പേർക്ക് ഈ പദ്ധതി പ്രകാരം വർഷം തോറും ആനുകൂല്യമനുവദിച്ചു വരുന്നു.

**b) പരമ്പരാഗത ബാർബർ തൊഴിലാളികൾക്കുള്ള ധനസഹായം**

പരമ്പരാഗത ബാർബർ തൊഴിലാളികൾക്ക് ബാർബർഷോപ്പ് നവീകരിക്കുന്നതിന് പരമാവധി 25000/- രൂപ വരെ 2 ഗഡുക്കളായി ഗ്രാന്റ് അനുവദിക്കുന്ന ഈ പദ്ധതി 2015-16 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി വരുന്നു. 60 വയസ്സുവരെയുള്ളവരാണ് ആനുകൂല്യത്തിന് അർഹരായിട്ടുള്ളത്. കുടുംബ വാർഷിക വരുമാന പരിധി 1 ലക്ഷം രൂപ. ശരാശരി 250 പേർക്ക് ഈ പദ്ധതി പ്രകാരം ധനസഹായമനുവദിച്ചു വരുന്നു.

**c) പരമ്പരാഗത കരകൌശല പണിക്കാർക്കുള്ള നൈപുണ്യ വികസന പരിശീലനത്തിനും ടൂൾകിറ്റിനുമുള്ള ധനസഹായം.**

(ഈ പദ്ധതിയിൽ മൂന്ന് ഉപഘടകങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.)

**I) മറ്റു പിന്നാക്ക വിഭാഗത്തിലെ പരമ്പരാഗത കരകൗശല തൊഴിലാളികൾക്കുള്ള നൈപുണ്യ വികസന പരിശീലനവും പണി ആയുധങ്ങൾക്ക് ഗ്രാന്റും**

കേരളത്തിലെ മറ്റു പിന്നാക്ക വിഭാഗത്തിൽപ്പെട്ട പരമ്പരാഗത കരകൌശല വിദഗ്ധർ/ കൈപ്പണിക്കാർ/ പൂർണ്ണ വൈദഗ്ധ്യം ഇല്ലാത്ത തൊഴിലാളികൾ എന്നിവരുടെ വൈദഗ്ധ്യം വർദ്ധിപ്പിക്കുക/ശക്തിപ്പെടുത്തുക എന്നതാണ് ഈ ഉപപദ്ധതിയുടെ ലക്ഷ്യം. ബന്ധപ്പെട്ട മേഖലയിൽ ഉയർന്ന നിലവാരത്തിലുള്ള നൈപുണ്യ പരിശീലനം നൽകുക, ടൂൾ കിറ്റുകൾ ഉൾപ്പെടെയുള്ള ആധുനിക യന്ത്രോപകരണങ്ങൾ വാങ്ങാനുള്ള സബ്സിഡി തുക അനുവദിക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ഘടകങ്ങൾ. വാർഷിക വരുമാന പരിധി 2.50 ലക്ഷം രൂപ വരെയുള്ളവർക്ക് ധനസഹായത്തിന് അർഹതയുണ്ട്. രണ്ടു തവണകളിലായി പരമാവധി 20,000/- രൂപ വരെ ഗുണഭോക്താക്കൾക്ക് നൽകുവാൻ ഈ പദ്ധതിയിൽ ഉദ്ദേശിക്കുന്നു. ലിംഗാധിഷ്ഠിത സ്ഥിതി വിവരക്കണക്കിന്റെ അടിസ്ഥാനത്തിൽ 20 ശതമാനം തുക സ്ത്രീകൾക്ക് ലഭിക്കുമെന്ന് കണക്കാക്കുന്നു.

**ii) ഇലക്ട്രിക്/സിഎൻജി ഓട്ടോ ടാക്സികൾ വാങ്ങുന്നതിനുള്ള സഹായം**

സംസ്ഥാനത്തെ പിന്നാക്ക വിഭാഗത്തിൽപ്പെട്ട നിരവധി ആളുകൾ ഓട്ടോ ടാക്സി മേഖലയിൽ ജോലി ചെയ്യുന്നവരാണ്. ഇന്ധന വിലയിലുണ്ടായ വൻ വർധനവ് അവരുടെ ഉപജീവനത്തെ സാരമായി ബാധിക്കുന്ന സാഹചര്യത്തിൽ കൂടുതൽ വരുമാനം ഉണ്ടാക്കാൻ ന്യൂ ജനറേഷൻ ഇലക്ട്രിക്/ സിഎൻജി. വാഹനങ്ങളിലേക്ക് മാറുന്നതിന് അവർക്ക് സാമ്പത്തിക സഹായം ആവശ്യമാണ്. ന്യൂ ജനറേഷൻ ഇലക്ട്രിക്/സിഎൻജി വാഹനങ്ങൾ വാങ്ങാൻ നൽകുന്ന വാഹന വായ്പകൾക്ക് 20 ശതമാനമോ അല്ലെങ്കിൽ പരമാവധി 1.00 ലക്ഷം രൂപ വരെയോ സബ്സിഡി നൽകാനാണ് ഘടകം ലക്ഷ്യമിടുന്നത്. കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിലേക്ക് അർഹരായ അപേക്ഷകരെ വകുപ്പ് ശുപാർശ ചെയ്യുകയും ഈ കോർപ്പറേഷനുകളിൽ നിന്ന് അവർക്ക് വായ്പ നൽകുകയും ചെയ്യുന്നതാണ്.

**iii) പരമ്പരാഗത തൊഴിലധിഷ്ഠിത സമുദായങ്ങളുടെ ഉൽപ്പന്നങ്ങൾക്കായുള്ള വിപണന കേന്ദ്രങ്ങൾ**

സംസ്ഥാനത്തെ വിവിധ പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന സമുദായങ്ങളിൽ ഭൂരിഭാഗവും പിന്നാക്ക വിഭാഗത്തിൽപ്പെട്ടവരാണ്. ഇവർ വിപണിയിൽ കടുത്ത മത്സരം നേരിടുന്ന സാഹചര്യമാണുള്ളത്. അവർ അഭിമുഖീകരിക്കുന്ന വിപണന പ്രശ്നങ്ങൾ പരിഹരിച്ച് അവരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പാക്കാനാണ് ഈ ഘടകം ഉദ്ദേശിക്കുന്നത്. പരമ്പരാഗത ഉൽപന്നങ്ങളുടെ പ്രദർശനത്തിനും വിപണനത്തിനുമായി ജില്ലാ ആസ്ഥാനങ്ങളിൽ സ്ഥിരം സംവിധാനമൊരുക്കാൻ ഘടകം വിഭാവനം ചെയ്യുന്നു. സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങൾ, പ്രത്യേകിച്ച് കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ എന്നിവയുടെ സഹകരണത്തോടെയാണ് ഇത് നടപ്പാക്കുക. മുനിസിപ്പാലിറ്റികളിൽ നിന്നും ലഭ്യമായ കെട്ടിടങ്ങൾ ഉൽപ്പന്നങ്ങളുടെ പ്രദർശനത്തിനും വിപണനത്തിനും ഉതകുന്ന തരത്തിൽ മാറ്റങ്ങൾ വരുത്തി വകുപ്പിൽ വിപണന കേന്ദ്രങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്. ഉൽപ്പന്നങ്ങളുടെ പ്രദർശനത്തിനും വിപണനത്തിനുമായുള്ള സ്റ്റാളുകൾ ആകർഷകമാക്കുക, നിർമ്മാണ കേന്ദ്രങ്ങളിൽ നിന്ന് ഉൽപ്പന്നങ്ങൾ ശേഖരിക്കുന്നതിനു വാഹന സൗകര്യം ഒരുക്കുക, നിർമ്മാതാക്കളുടെ ഒരു ഡാറ്റാ ബേസ് ഉണ്ടാക്കുക, ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനായി ഒരു ഓൺലൈൻ പോർട്ടൽ തുടങ്ങുക എന്നിവയും ഈ ഉപപദ്ധതിയിൽ ഉൾപ്പെടുന്നു.

## 7. കുംഭാര കോളനി അടിസ്ഥാന സൌകര്യ വികസന പദ്ധതി

പരമ്പരാഗത കളിമൺപാത്ര നിർമ്മാണ തൊഴിലാളികൾ അധിവസിക്കുന്ന കുംഭാര കോളനികളുടെ സമഗ്ര വികസനത്തിന് വേണ്ടി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണിത്. ഒരു കോളനിയ്ക്ക് 1 കോടി രൂപ എന്ന നിരക്കിലാണ് പദ്ധതി നടപ്പാക്കുന്നത്. വർക്ക് ഷെഡ്, ചൂള, കമ്മ്യൂണിറ്റി ഹാൾ, റോഡ് തുടങ്ങിയവയുടെ നിർമ്മാണം, കുടിവെള്ള പദ്ധതി തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. സംസ്ഥാനത്ത് ആദ്യമായി തൃശ്ശൂർ ജില്ലയിലെ കൊടകര കുംഭാര കോളനിയെയാണ് ടി പദ്ധതി പ്രകാരം തെരഞ്ഞെടുത്ത് നവീകരണം പൂർത്തീകരിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന്റെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. നടപ്പ് വർഷം ആകെ 5 കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്.

## 8. ഓഫീസ് ഓട്ടോമേഷൻ ഉപകരണങ്ങളും ഭരണവും

വകുപ്പിന്റെ വിവിധ ഓഫീസുകൾക്ക് ഔദ്യോഗിക ആവശ്യങ്ങൾക്കായി വേണ്ടുന്ന കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുക, വിവിധ പദ്ധതികളുടെ ഓൺലൈൻ സേവനത്തിനുള്ള സോഫ്റ്റ് വെയർ തയ്യാറാക്കൽ, വാഹന വാടക, പ്രിന്റിംഗ്, വകുപ്പിലെ ജീവനക്കാർക്ക് ദേശീയ തലത്തിൽ പരിശീലന പരിപാടികൾ നടത്തുക, പുതിയ ഓഫീസുകൾ സജ്ജമാക്കുന്നതിന് അവിടങ്ങളിലേക്ക് ആവശ്യമായ ഉപകരണങ്ങൾ ഫർണിച്ചറുകൾ തുടങ്ങിയവ വാങ്ങുക എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം.

## 9. അഡ്വക്കേറ്റ് ഗ്രാന്റ്

അഭിഭാഷക കൌൺസിലിൽ എൻറോൾ ചെയ്ത നിയമ ബിരുദധാരികൾക്ക് പ്രാക്ടീസ് ചെയ്യുന്നതിന് പ്രതിവർഷം 12,000/- രൂപ വീതം 3 വർഷത്തേക്ക് ധനസഹായം അനുവദിക്കുന്ന പദ്ധതിയാണിത്. ആരംഭത്തിൽ 7500/- രൂപ ആയിരുന്നത് 2017 മുതൽ 12000/- രൂപയാക്കി വർദ്ധിപ്പിച്ചു. വരുമാന പരിധി 1 ലക്ഷം രൂപ.

## 10. വിശ്വകർമ്മജർക്കുള്ള പെൻഷൻ

പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന 60 വയസ്സ് തികഞ്ഞ പരമ്പരാഗത വിശ്വകർമ്മ തൊഴിലിൽ ഏർപ്പെട്ടിരുന്നവർക്ക് പ്രതിമാസം പെൻഷൻ അനുവദിക്കുന്ന പദ്ധതിയാണിത്. തുടക്കത്തിൽ 500/- രൂപ ആയിരുന്നത് പല ഘട്ടങ്ങളായി വർദ്ധിപ്പിച്ച് നിലവിൽ 1400/- രൂപ പെൻഷൻ നൽകി വരുന്നു. പെൻഷൻ തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകുന്നു.

മറ്റ് പെൻഷനുകളൊന്നും തന്നെ ലഭ്യമാകുന്നില്ലായെന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള സാക്ഷ്യപത്രം, ലൈഫ് സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കുന്ന മുറയ്ക്ക് സമയബന്ധിതമായി തന്നെ പെൻഷൻ അനുവദിച്ചു വരുന്നു.

## 11. മാതാവോ പിതാവോ രണ്ട്പേരുമോ നഷ്ടപ്പെട്ട ഒ.ബി.സി. വിഭാഗം പെൺകുട്ടികൾക്ക്മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകൾ പഠിക്കുന്നതിന് സ്കോളർഷിപ്പ്

മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിൽ പഠിക്കുന്ന മാതാവിനെയോ പിതാവിനെയോ അല്ലെങ്കിൽ ഇരുവരേയുമോ നഷ്ടപ്പെട്ട മറ്റ് പിന്നാക്ക വിഭാഗങ്ങളിലെ പെൺകുട്ടികൾക്ക് വിദ്യാഭ്യാസത്തിനുള്ള സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണ്. കുടുംബ വാർഷിക വരുമാനം *2.50* ലക്ഷം രൂപയിൽ കവിയാത്ത മറ്റ് പിന്നാക്ക വിഭാഗങ്ങളിലെ പെൺകുട്ടികൾക്കായിരിക്കും ഈ ആനുകൂല്യം ലഭ്യമാകുക. പ്രതിവർഷം *50,000/-* രൂപ നൽകാൻ ഉദ്ദേശിക്കുന്ന ടി പദ്ധതിയുടെ ഗുണഭോക്താക്കൾ സർക്കാർ/സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിലെ വിദ്യാർത്ഥിനികളാണ്.

Naran

സെക്ഷൻ ഓഫീസർ

# അനുബന്ധം - 2

## കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ പിന്നാക്ക / മതന്യൂനപക്ഷ വിഭാഗങ്ങൾക്കായി നടപ്പിലാക്കി വരുന്ന വിവിധ വായ്പാ പദ്ധതികൾ

### സ്വയം തൊഴിൽ വായ്പ

പിന്നാക്ക/ മതന്യൂനപക്ഷ വിഭാഗക്കാർക്കായി സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്ന തിനായി NBCFDC പരമാവധി 15 ലക്ഷം രൂപയും NMDFC പരമാവധി 30 ലക്ഷം രൂപയും അനുവദിച്ചു വരുന്നു.

### വിദ്യാഭ്യാസ വായ്പ

ഇന്ത്യയ്ക്ക് അകത്തും വിദേശത്തും പ്രൊഫഷണൽ/ ടെക്നിക്കൽ / വൊക്കേഷണൽ കോഴ്സുകൾ പഠിക്കുന്നതിനായി മെറിറ്റടിസ്ഥാനത്തിൽ അഡ്മിഷൻ ലഭിച്ച പിന്നാക്ക മതന്യൂനപക്ഷ വിഭാഗങ്ങളിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് മാനദണ്ഡങ്ങൾക്ക് വിധേയമായി 15 മുതൽ 30 ലക്ഷം രൂപവരെ വിദ്യാഭ്യാസ വായ്പകൾ അനുവദിച്ചുവരുന്നു.

### പ്രവാസി സുരക്ഷ

പ്രവാസ ജീവിതം അവസാനിപ്പിച്ച് നാട്ടിൽ സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്ന തിനായി പ്രവാസി സംരംഭകർക്കായി നോർക്കാ റൂട്ട്സിന്റെ ശുപാർശ പ്രകാരം പരമാവധി 30 ലക്ഷം രൂപവരെ വായ്പ അനുവദിക്കുന്നതാണ്. അതിന് പുറമേ പരമാവധി 3 ലക്ഷം രൂപ വരെ മൂലധന സബ്സിഡിയും വായ്പാ തിരിച്ചടവിന്റെ ആദ്യ 4 വർഷം 3% പലിശ സബ്സിഡിയും നോർക്കാ റൂട്ട്സ് അനുവദിക്കും.

### സ്റ്റാർട്ട്-അപ്പ്

പിന്നോക്ക വിഭാഗ വികസന വകുപ്പിന്റെ സഹകരണത്തോടെ ഒ.ബി.സി. വിഭാഗം പ്രെഫഷണലുകൾക്ക് വേണ്ടി ആരംഭിച്ച സ്റ്റാർട്ട്-അപ്പ് വായ്പാ പദ്ധതിയിൽ 20 ലക്ഷം രൂപ വരെ വായ്പ ലഭിക്കുന്നതാണ്. വായ്പകൾക്ക് 20% സബ്സിഡി (പരമാവധി 2 ലക്ഷം രൂപ) പിന്നോക്ക വിഭാഗ വികസന വകുപ്പ് അനുവദിക്കും.

### റീ-ലൈഫ്

താഴ്ന്ന വരുമാനക്കാരായ ഒ.ബി.സി. കുടുംബങ്ങൾക്ക് വേണ്ടി ആരംഭിച്ച "റീ-ലൈഫ്" വായ്പാ പദ്ധതി പ്രകാരം 1 ലക്ഷം രൂപ വായ്പ ലഭിക്കുന്നതാണ്. വായ്പാ തുകയുടെ 50% (പരമാവധി 25,000/- രൂപ) മൂലധന സബ്സിഡി പിന്നോക്ക വിഭാഗ വികസന വകുപ്പ് അനുവദിക്കും.

### ന്യൂസ്വർണ്ണിമ

വനിതകളിൽ സ്വയംപര്യാപ്തത വളർത്തണമെന്ന ലക്ഷ്യത്തോടെ കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന പ്രത്യേക പദ്ധതിയാണ് ന്യൂസ്വർണ്ണിമ. ടി പദ്ധതി പ്രകാരം ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് പുതിയ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി പരമാവധി 2 ലക്ഷം രൂപ 5% പലിശ നിരക്കിൽ വായ്പയായി അനുവദിച്ച് വരുന്നു. പ്രായപരിധി 18 മുതൽ 55 വയസ്സുവരെയാണ്.

ഇതിനുപുറമേ ചെറുകിട സംരംഭങ്ങൾ തുടങ്ങുന്നതിനായി കുടുംബശ്രീ മുഖേന NBCFDC, NMDFC മൈക്രോ ക്രെഡിറ്റ് വായ്പകൾ പരമാവധി 3 കോടി രൂപവരെ അനുവദിക്കുന്നു.

### മൈക്രോ ക്രെഡിറ്റ് / മഹിളാസമൃദ്ധി യോജന

കോർപ്പറേഷൻ പ്രാമുഖ്യം നൽകിവരുന്ന വായ്പാ പദ്ധതിയാണ് മൈക്രോ ക്രെഡിറ്റ് / മഹിളാസമൃദ്ധി യോജന. വായ്പാ പദ്ധതിയിലൂടെ അർഹരായ ഗുണഭോക്താക്കൾക്ക് കുടുംബശ്രീ സി.ഡി.എസ്സ് / തെരഞ്ഞെടുക്കപ്പെട്ട സന്നദ്ധ സംഘടനകൾ മുഖേന പരമാവധി 3 കോടി രൂപ 3% മുതൽ 5% വരെ പലിശ നിരക്കിൽ നിബന്ധനകൾക്ക് വിധേയമായി അനുവദിച്ചുവരുന്നു.

**<u>ദേശീയ സഫായി കർമ്മചാരീസ് ധനകാര്യ വികസന കോർപ്പറേഷൻ വായ്പാ പദ്ധതികൾ</u>**

ദേശീയ സഫായി കർമ്മചാരീസ് ധനകാര്യ വികസന കോർപ്പറേഷൻ (NSKFDC) ശുചീകരണ മേഖലയിലെ തൊഴിൽ സംരംഭങ്ങൾക്കും ഈ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾ, കുടുംബശ്രീ പ്രവർത്തകർ, അവരുടെ ആശ്രിതരായ കുടുംബാംഗങ്ങൾ എന്നിവർക്ക് കോർപ്പറേഷൻ മുഖേന പരമാവധി 3 കോടി രൂപവരെ മൈക്രോ ക്രെഡിറ്റ് / മഹിളാ സമൃദ്ധി യോജന വായ്പാ പദ്ധതിയിലൂടെ ലഭ്യമാക്കുന്നു.

**<u>കോർപ്പറേഷന്റെ തനത് ഫണ്ട്</u>**

ദേശീയ ഏജൻസികളുടെ ഫണ്ടിന് പുറമേ കോർപ്പറേഷൻ തനത് ഫണ്ട് വിനിയോഗിച്ച് വിവാഹം സുവർണ്ണശ്രീ, പ്രവർത്തനമൂലധന, ബിസിനസ്സ് ഡെവലപ്മെന്റ്, വിദ്യാശ്രീ, ഭവന പുനരുദ്ധാരണ വായ്പ, ഭവന നിർമ്മാണ വായ്പ വാഹന വായ്പ, വ്യക്തിഗത വായ്പ എന്നീ വായ്പാ പദ്ധതികളും അനുവദിച്ചുവരുന്നു.

Nawas
സെക്ഷൻ ഓഫീസർ